പതിമൂന്നാം കേരളനിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3185 — 13.10.2011 ൽ മറുപടിയ്ക്ക്

## തിരൂർ-കാട്ടിപ്പരുത്തി വില്ലേജിലെ ഭൂമിയുടെ ന്യായവില

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി. ജലീൽ | ശ്രീ. ടി.എം. ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിൽ റീസർവ്വെ നമ്പർ 136/1 - ൽ നിലവിൽ സെന്റിന് 2000/- രൂപ വിലയുള്ള ഭൂമിക്ക് രണ്ട് ലക്ഷം രൂപയാണ് പുതുതായി മുഖവില യായി നിശ്ചയിച്ചിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിൽ റീസർവ്വെ നമ്പർ 136/1-ൽ ഉൾപ്പെട്ട വസ്തുവിന് താഴെപ്പറയും പ്രകാരം രണ്ടു ക്ലാസിഫിക്കേഷൻ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.<br>1.Garden land with road access- Rs.20,000/- per Are<br>2.Residential Plot with N.H./PWD road access -Rs.20,00000/- per Are . |
| (ബി) തൊട്ടടുത്ത സർവ്വെ നമ്പരിൽപ്പെട്ട ഭൂമിയുടെ മുഖവില 2000/- രൂപയാണെന്നുള്ളതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) തൊട്ടടുത്ത റീസർവ്വെ നമ്പറുകളിലെ ഭൂമിയുടെ ന്യായവില താഴെപറയും പ്രകാരമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>I. റീസർവ്വേ 135/1-ൽ രണ്ടു ക്ലാസിഫിക്കേഷനിൽ -<br>1. Garden land with road access വാർഡ് 5 ൽ - 35,000 per Are.<br>2. Garden land with road access വാർഡ് 3 ൽ - 20,000 per Are.<br>II. റീസർവ്വേ 137/1 ൽ മൂന്ന് ക്ലാസിഫിക്കേഷൻ ഉള്ളതിൽ -<br>137/1 ൽ Garden land with road access എന്ന ക്ലാസിഫിക്കേഷനിൽ ഒരു ആർ അളവിന് 22,000 രൂപയും, 137/1 A2 - ൽ Residential Plot with N.H. PWD road access എന്ന ക്ലാസിഫിക്കേഷനിൽ ഒരു ആർ അളവിന് 90,000 രൂപ എന്നും, 137/1 A1 ൽ Government Property ഒരു ആർ അളവിന് 1 രൂപ എന്നും ആകുന്നു. |
| (സി) പ്രസ്തുത അപാകത അടിയന്തിരമായി മാറ്റാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ? | (സി) ന്യായവില നിർണ്ണയിച്ചിട്ടുള്ളതിൽ പരാതി ഉള്ളവർക്ക്, ജില്ലാ കളക്ടർക്ക് അപ്പീൽ നൽകി പരിഹാരം കാണാനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻഓഫീസർ